പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2968 **29-10-2026-ൽ മറുപടിയ്ക്ക്**

സ്കൂൾ കായിക മിത്രം പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ചാണ്ടി ഉമ്മൻ
ശ്രീ. സുധീർഷാ പാലോട്
ശ്രീ. രാജൻ. ജെ. പല്ലൻ
ശ്രീ. കെ. ബിനിമോൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ കായികക്ഷമത ഉറപ്പുവരുത്തുന്നതിനും കായിക അഭിരുചി വളർത്തുന്നതിനുമായി പ്രൈമറി, സെക്കൻഡറി, ഹയർ സെക്കൻഡറി തലങ്ങളിൽ കായിക ഉപകരണങ്ങൾ വിതരണം ചെയ്യുന്ന സ്കൂൾ കായിക മിത്രം പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

മറുപടി: കുട്ടികളുടെ ശാരീരികവും മാനസികവുമായ വികസനത്തിന് കായിക വിദ്യാഭ്യാസം അനിവാര്യമാണെന്ന കാഴ്ചപ്പാടിലാണ് കായികമിത്രം പദ്ധതി രൂപപ്പെടുത്തിയിരിക്കുന്നത്. മൊബൈലിന്റെയും ഇന്റർനെറ്റിന്റെയും ലോകത്ത് നിന്നും കുട്ടികളെ കളിക്കളത്തിലേക്ക് തിരികെ കൊണ്ടുവരിക എന്ന വലിയ ലക്ഷ്യമാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. പഠനത്തോടൊപ്പം കളിക്കും തുല്യ പ്രാധാന്യം നൽകുക എന്നതാണ് ഇതിന്റെ അടിസ്ഥാന ആശയം. ഓരോ സ്കൂളിലും കായിക ഉപകരണങ്ങൾ ലഭ്യമാക്കി, നിലവിലുള്ള കായികാധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്തി, കുട്ടികൾക്ക് പരിശീലനം നൽകി അതുവഴി നാളെ സംസ്ഥാനത്തിനും രാജ്യത്തിനും അഭിമാനമാകുന്ന കായിക താരങ്ങളെ ഉയർത്തി കൊണ്ടു വരുന്നതിനും, ആരോഗ്യമുള്ള തലമുറയുടെ കരുത്തുറ്റ കേരളത്തെ വാർത്തെടുക്കുന്നതിനും ഈ പദ്ധതിയിലൂടെ കഴിയും.

(ബി) പദ്ധതിയുടെ ഭാഗമായി കായിക ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനായി സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും പ്രൈമറി, സെക്കൻഡറി, ഹയർ സെക്കൻഡറി തലങ്ങളിൽ വിദ്യാർത്ഥികളുടെ പ്രായത്തിനും കായിക അഭിരുചിക്കും അനുയോജ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

മറുപടി: നിലവിൽ കായികാധ്യാപകർ ഉള്ള എല്ലാ സ്കൂളുകളിലും ലഭ്യമായ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നതിനും അവരവരുടെ ആവശ്യകതയ്ക്കനുസരിച്ചുള്ള കായിക ഉപകരണങ്ങൾ കണ്ടെത്തുന്നതിന് സ്പോൺസർമാർ/പൂർവ്വ വിദ്യാർഥികൾ/ സി.എസ്. ആർ ഫണ്ടുകൾ എന്നിവ പ്രയോജനപ്പെടുത്തുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. കായികമിത്രം പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 18/09/2026 ന് എറണാകുളം ജില്ലയിലെ തൃക്കാക്കര കാർഡിനൽ ഹൈസ്കൂളിൽ വച്ച് നടത്തുകയുണ്ടായി. അന്നേ ദിവസം തന്നെ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും പദ്ധതിയുടെ ജില്ലാതല

ഉദ്ഘാടനവും, വിവിധ നിയമസഭാ മണ്ഡലങ്ങൾ കേന്ദ്രീകരിച്ച് മണ്ഡല തല ഉദ്ഘാടനവും, സ്കൂൾ തല ഉത്ഘാടനവും നടത്തിയിട്ടുണ്ട്. അക്കാദമിക് മോണിട്ടറിംഗിനൊപ്പം വിദ്യാഭ്യാസ ഓഫീസർമാർ പദ്ധതി പുരോഗതിയും വിലയിരുത്തി വരുന്നുണ്ട്.

(സി) വിദ്യാർത്ഥികളുടെ കായികക്ഷമതയും വിവിധ കായിക ഇനങ്ങളിലുള്ള അഭിരുചിയും കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനും പദ്ധതിയുടെ പ്രയോജനം എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെയും അർഹരായ വിദ്യാർത്ഥികൾക്ക് ഉറപ്പാക്കുന്നതിനും വിതരണം ചെയ്യുന്ന കായിക ഉപകരണങ്ങളുടെ ഫലപ്രദമായ ഉപയോഗം നിരീക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>മറുപടി:</u> മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ